## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3735 — 26.06.2012-ലെ മറുപടിയ്ക്ക്

### സഹകരണ ജീവനക്കാർക്ക് സ്വാശ്രയ പെൻഷൻ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. ഉബൈദുള്ള | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ ജീവനക്കാർക്ക് സ്വാശ്രയ പെൻഷൻ പദ്ധതി പ്രകാരം ഇപ്പോൾ നൽകി വരുന്ന പെൻഷൻ തുക എത്രയാണ്; | (എ) പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് സ്വാശ്രയ പെൻഷൻ പദ്ധതി പ്രകാരം നൽകി വരുന്ന ഏറ്റവും കുറഞ്ഞ പെൻഷൻ തുക 600 രൂപയും പരമാവധി പെൻഷൻ തുക 10,000/- രൂപയുമാണ്. സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് സ്വാശ്രയ പെൻഷൻ പദ്ധതി പ്രകാരം നൽകിവരുന്ന ഏറ്റവും കുറഞ്ഞ പെൻഷൻ തുക 1500/- രൂപയും പരമാവധി പെൻഷൻ തുക 15000/- രൂപയുമാണ്. |
| (ബി) പെൻഷൻ തുക കാലോചിതമായി പരിഷ്ക്കരിക്കുന്നകാര്യം പരിഗണനയിലുണ്ടോ; | (ബി) & (സി) ഇപ്പോൾ പരിഗണനയിലില്ല. |
| (സി) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നൽകുന്നതുപോലെ പെൻഷനും ഡി.എയും സഹകരണ ജീവനക്കാർക്ക് അവരുടെ തസ്തികയ്ക്കും ശമ്പളത്തിനും അനുസൃതമായി നൽകുന്ന കാര്യം പരിഗണിക്കുമോ? | |

സെക്ഷൻ ഓഫീസർ